**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 07/2026**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
നമ്മുടെ പരിശുദ്ധ സഭയുടെ വിവിധ തലങ്ങളിലുള്ള മിഷൻ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹകരമായി നടന്നുവരുന്നു എന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. പ്രത്യേകിച്ച് തെലുങ്കാനയിലെ യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം, പൂനെ ദേഹുറോഡ് സെന്റ് ജോർജ്ജ് ബാലികാഗ്രാം എന്നിവ കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങൾക്കായി പ്രവർത്തിച്ചുവരുന്നു. ബാംഗ്ലൂർ കുണിഗലിൽ ഉള്ള എയ്ഡ്സ് രോഗികൾക്കായുള്ള ബാലഗ്രാമും ആശുപത്രിയും, ഒറീസ്സാ കലഹണ്ടിയിലുള്ള വില്ലേജ് മിഷനും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. യാച്ചാരം ബാലഗ്രാമിൽ കുഷ്ഠരോഗികളുടെ നൂറിലധികം കുഞ്ഞുങ്ങൾ ഒന്നാം ക്ലാസ്സ് മുതൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ് തുടങ്ങിയ തലങ്ങൾവരെ പഠിക്കുന്നു. പഠനം കഴിഞ്ഞ കുഞ്ഞുങ്ങൾ സ്വദേശത്തും വിദേശത്തുമായി ജോലി ചെയ്യുന്നു. യാച്ചാരം ബാലഗ്രാമിനോടു ചേർന്ന് സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന കണ്ണാശുപത്രിയും വൃദ്ധമന്ദിരവും സമീപ ഗ്രാമവാസികൾക്ക് ഒരനുഗ്രഹമാണ്. അതിനോട് ചേർന്ന് ഒരു ഹൈസ്കൂളും പ്രവർത്തിക്കുന്നുണ്ട്. ക്രിസ്തീയ സാക്ഷ്യത്തിന്റെ പ്രകാശഗോപുരങ്ങളായി പരിലസിക്കത്തക്കവിധം ഈ സ്ഥാപനങ്ങളുടെ തുടർന്നുള്ള വളർച്ചയ്ക്കും വികസനത്തിനുമായി നമുക്ക് പ്രാർത്ഥിക്കാം.

പ്രിയരെ, ഈ വർഷത്തെ ഗർബ്ബോ ഞായറാഴ്ച 2026 ഫെബ്രുവരി 22-ാം തീയതിയാണല്ലോ. അന്നേ ദിവസം ലോകമെങ്ങുമുള്ള കുഷ്ഠരോഗികൾക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയും, പ്രത്യേകിച്ച് അവർക്കും അവരുടെ കുഞ്ഞുങ്ങൾക്കുമായി പരിശുദ്ധ സഭയുടെ ചുമതലയിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയും അതിലെ പ്രവർത്തകർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നേ ദിവസത്തെ കാണിക്കയും പ്രത്യേക സംഭാവനകളും 'The Director St. Gregorios Balagram, Yacharam P.O, (via) Ibrahim Pattanam, R. R. District, Thelungana' എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2026 ജനുവരി മാസം 14-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും. **ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**